**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5863** — **25-03-2025 - ൽ മറുപടിയ്ക്ക്**

**പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തൊട്ടാകെ പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ? | (എ) | (ഉത്തരം താഴെ) |

(എ) കേരളത്തിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ.) പദ്ധതി പ്രകാരം പുതു സംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും സാമ്പത്തിക സഹായം നല്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2024-2025 സാമ്പത്തിക വർഷം 66.67 കോടി രൂപയാണ് പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായത്. അതിൽ 63,43,63,821 കോടി രൂപ പി.എം.എഫ്.എം.ഇ. സംരംഭങ്ങൾക്കായുള്ള സബ്സിഡി തുകയായി അനുവദിക്കുകയും പ്രസ്തുത പദ്ധതി പ്രകാരം 2600 ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുകയും ചെയ്തു.

'സംരംഭക സഹായ പദ്ധതി', 'മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി', 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' എന്നീ പദ്ധതികൾ പ്രകാരം പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആനുകൂല്യം നൽകിവരുന്നു. മേൽ പദ്ധതികൾ പ്രകാരം സംസ്ഥാനത്തൊട്ടാകെ പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയതും 15/3/2025 വരെ ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **പദ്ധതിയുടെ പേര്** | **പദ്ധതി പ്രകാരം ബജറ്റിൽ വകയിരുത്തിയ തുക (രൂപയിൽ)** | **പദ്ധതി പ്രകാരം അനുവദിച്ച തുക (രൂപയിൽ)** | **പദ്ധതി പ്രകാരം ചെലവഴിച്ച തുക (രൂപയിൽ)** | **പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച യൂണിറ്റുകളുടെ എണ്ണം** |
|---|---|---|---|---|
| സംരഭക സഹായ പദ്ധതി | 58,50,00,000 | 29,17,54748 | 15,60,39348 | 342 |
| മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി | 17,05,000,00 | 85000000 | 71477200 | 257 |
| ഒരു കുടുംബം, ഒരു സംരംഭം പദ്ധതി | 30000000 | 15000000 | 14786563 | 828 |
| **ആകെ** | **785500000** | **391754748** | **242303111** | 1427 |

**കരകൗശല തൊഴിലാളികൾക്ക് ധന സഹായം (ആശ)**

കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കരകൗശല മേഖലയിലെ വിദഗ്ധർക്ക് ഒറ്റത്തവണ സഹായം (ഗ്രാന്റ്) നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. സംരംഭം ആരംഭിച്ച ശേഷമാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്. കേന്ദ്ര സർക്കാരിലെ കരകൗശല വികസന കമ്മീഷണറുടെ

ഓഫീസിലോ, കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരളാ സ്റ്റേറ്റ് ബാംബൂ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ എസ്.ബി.സി), കേരളാ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് (എച്ച്.ഡി.സി.കെ), കേരളാ സ്റ്റേറ്റ് പാൽമിറ പ്രോഡക്ട് ഡവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) എന്നിവിടങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള കരകൗശല വിദഗ്ധരെയാണ് ഈ പദ്ധതിയിൽ കരകൗശല വിദഗ്ധരായി കണക്കാക്കപ്പെടുന്നത്.

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന്; കരകൗശലമേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾ ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും, ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും, ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക് ആശ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും **17** സംരംഭകർക്കായി വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്ത തുക |
|---|---|---|
| 1 | തിരുവനന്തപുരം | 1,62,690/- |
| 2 | കൊല്ലം | 5,00,000/- |
| 3 | ആലപ്പുഴ | 3,00,000/- |
| 4 | കോട്ടയം | 51,000/- |
| 5 | എറണാകുളം | 56,640/- |
| 6 | തൃശ്ശൂർ | 45,200/- |
| 7 | പാലക്കാട് | 1,00,921/- |
| 8 | മലപ്പുറം | 87,421/- |
| 9 | കോഴിക്കോട് | 35,000/- |
| 10 | വയനാട് | 1,61,126/- |
| | **ആകെ** | **15,00,000/-** |

സംസ്ഥാനത്തെ സ്റ്റാർട്ട്പ്പുകൾക്ക് സീഡ് ഫണ്ട് ലോണും സ്കെയിൽ അപ്പ് ലോണും നൽകുന്ന കെ.എസ്.ഐ.ഡി.സി-യുടെ പദ്ധതിയാണ് Innovation Acceleration Scheme. സംസ്ഥാന സർക്കാർ നടപ്പ സാമ്പത്തിക വർഷം 600.00 ലക്ഷം രൂപ പ്രസ്തുത സ്കീമിന് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതുതായി ആരംഭിച്ച 8 സ്റ്റാർട്ടപ്പുകൾക്കായി 108.00 ലക്ഷം രൂപ സീഡ് ഫണ്ട് ലോണായും, 5 സ്റ്റാർട്ടപ്പുകൾക്ക് സ്കെയിൽ അപ്പ് ലോണായി 150.00 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

വി മിഷൻ സ്കീം കെ.എസ്.ഐ.ഡി.സി മുഖാന്തിരം നിലവിലുള്ള വനിതാ സംരംഭകർക്ക് 50.00 ലക്ഷം രൂപ വരെ ലളിതമായ പലിശ നിരക്കിൽ ഈടില്ലാതെ ലോൺ നൽകി വരുന്നു.

പ്രസ്തുത സ്കീമിൽ 250.00 ലക്ഷം രൂപ അനുവദിച്ചതിൽ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച വളർച്ചാഘട്ടത്തിൽ എത്തിയ 5 യൂണിറ്റിന് വി മിഷൻ ലോണായി 125.00 ലക്ഷം ഈ നടപ്പ സാമ്പത്തിക വർഷം കെ.എസ്.ഐ.ഡി.സി മുഖാന്തിരം നൽകിയിട്ടുണ്ട്.

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിലവിലുള്ള "പ്രത്യേക തൊഴിൽദാന പദ്ധതി/എന്റെ ഗ്രാമം" (SEGP)യുടെ നടപ്പ സാമ്പത്തിക വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| ബഡ്ജറ്റിൽ വകയിരുത്തിയ തുക | റിലീസ് ചെയ്ത് ലഭിച്ച തുക | ചെലവഴിച്ച തുക | സംരംഭങ്ങൾ |
|---|---|---|---|
| 280 | 279.66 | 279.66 | 315 |

സെക്ഷൻ ഓഫീസർ